പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3626 25.06.2013 ൽ മറുപടിക്ക്

## ട്രെയിനിൽ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.അജിത്: | | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | ട്രെയിനുകളിൽ ലഭിക്കുന്ന ഭക്ഷണത്തെ സംബന്ധിച്ച് ഉയർന്നിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ട്രെയിനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തെ സംബന്ധിച്ച് പരാതികൾ റെയിൽവേ മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. |
| (സി) | ജനശതാബ്ദി ട്രെയിനിലെ പഴയ ടോയ്ലെറ്റ് മുറിയിൽ തുരുമ്പു പിടിച്ച ഹീറ്ററുകളും ഉപയോഗയോഗ്യമല്ലാത്ത വെള്ളവുമുപയോഗിച്ച് ചായ ഉണ്ടാക്കുന്നതായി വന്ന പരാതി ബന്ധപ്പെട്ടവരെ അടിയന്തിരമായി അറിയിക്കാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | പരാതി ലഭിച്ചതനുസരിച്ച് ലൈസൻസിക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ലൈസൻസ് നല്കിയ ദക്ഷിണ റെയിൽവേ സോണൽ അധികാരികൾക്ക് തിരുവനന്തപുരം റെയിൽവേ ഡിവിഷൻ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ട്രെയിനുകളിൽ ലഭിക്കുന്ന ഭക്ഷണത്തെ സംബന്ധിച്ച് യാത്രക്കാർ ആർക്കാണ് പരാതി നൽകേണ്ടത് ; ഇതിനായി ട്രെയിനിൽ വച്ചുതന്നെ പരാതി നൽകാനുള്ള സംവിധാനം ഏർപ്പെടുത്താൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ ; | (ഡി) | പരാതികൾ യാത്രക്കാർക്ക് സ്റ്റേഷൻ മാനേജർ അല്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർ, പാൻട്രികടർ മാനേജർ, ഗാർഡ് എന്നിവരുടെ പക്കലുള്ള പരാതി പുസ്തകത്തിൽ നേരിട്ട് രേഖപ്പെടുത്തുകയോ, പരാതി എഴുതി സീനിയർ ഡിവിഷണൽ കമ്മേഷ്യൽ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ നല്കാവുന്നതും ഇൻറർനെറ്റിൽ റെയിൽവേയുടെ പബ്ലിക് ഗ്രീവൻസ് സെല്ലിൽ രേഖപ്പെടുത്തുകയോ അല്ലെങ്കിൽ 1800-111-321 എന്ന ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ ചെയ്യാവുന്നതാണ്. അത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന പരാതികളിൽ എല്ലാ സത്വര നടപടികളും റെയിൽവേ സ്വീകരിക്കുന്നതാണ്. |
| (ഇ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ഭക്ഷണ സംബന്ധമായ പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്തുള്ള ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകാനായുള്ള ശുപാർശ സമർപ്പിക്കുമോ? | (ഇ) | ട്രെയിനുകളിലെ ഭക്ഷണ സാധനങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ ഫുഡ് സേഫ്റ്റി കമ്മീഷണറാണ് നടപടികൾ സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ